പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2413**

09.03.2018-ലെ മറുപടി

## ആലുവ നിയോജക മണ്ഡലത്തിലെ ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അൻവർ സാദത്ത് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| ആലുവ നിയോജക മണ്ഡലത്തിലെ നെടുമ്പാശ്ശേരി, ചെങ്ങമനാട്, കാഞ്ഞൂർ പഞ്ചായത്തുകളിൽ ജലനിധി മുഖാന്തിരമുള്ള കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ? | നെടുമ്പാശ്ശേരി, ചെങ്ങമനാട്, കാഞ്ഞൂർ, ശ്രീമൂലനഗരം എന്നീ ഗ്രാമ പഞ്ചായത്തുകൾക്കായുള്ള ജലനിധി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനു വേണ്ടി 21/01/2017-ൽ കരാർ ഒപ്പിടുകയും, സ്കീം റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് റിസർവോയർ നിർമ്മിക്കുവാനാവശ്യമായ സ്ഥലം അതാത് ഗ്രാമപഞ്ചായത്തുകൾ നല്കേണ്ടതുണ്ട്. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്തിന്റെ തന്നെ ബ്ലോക്ക് നമ്പർ & സർവ്വെ നമ്പർ 19/09-ൽ പ്പെട്ട സ്ഥലം നല്കുന്നതിന് തയ്യാറായിട്ടുണ്ട്. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് ടി പഞ്ചായത്തിലെ റവന്യൂ വകുപ്പിന്റെ വക ബ്ലോക്ക് നമ്പർ 10 സർവ്വെ നമ്പർ 536/2-ലെ 20 സെന്റ് സ്ഥലവും, കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് ടി പഞ്ചായത്തിലെ രജിസ്ട്രേഷൻ വകുപ്പിന്റെ ബ്ലോക്ക് നമ്പർ 28 സർവ്വെ നമ്പർ 64/2-ൽപ്പെട്ട 20 സെന്റ് സ്ഥലവും ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ജലനിധി നടത്തിവരുന്നു. ഗ്രാമപഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി നടപ്പിലാക്കുന്നതാന് കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ